Deshabhimani 19/11/2020

# എനർജി മാനേജ്മെന്റ് സെന്റർ കേരള സിൽവർ ജൂബിലി

**തിരുവനന്തപുരം**

കേരളത്തിലെ ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) രൂപീകരിച്ചിട്ട് 25 വർഷം പൂർത്തിയാകുന്ന 2021ൽ ഊർജ സംരക്ഷണ വിഷയത്തിൽ ഊന്നിയുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടി സംഘടിപ്പിക്കും. ഇഎംസിയുമായി സംയുക്തമായി പരിപാടികളിൽ ഭാഗമാകാൻ താല്പര്യമുള്ള സർക്കാർ/ അർധസർക്കാർ സ്ഥാപനങ്ങൾ, എൻജിഒകൾ, സാംസ്കാരിക സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്ന് ആശയങ്ങൾ ക്ഷണിച്ചു.

നൈപുണ്യശേഷി വികസന പരിപാടി, എക്സിബിഷനുകൾ, ശില്പശാലകൾ, പ്രഭാഷണ പരിപാടികൾ, ബോധവൽക്കരണം, കലാസാംസ്കാരിക പരിപാടികൾ, CSR പദ്ധതികൾ, കോൺഫറൻസുകൾ തുടങ്ങിയവയെപ്പറ്റിയുള്ള ആശയങ്ങൾ നവംബർ 25നകം നൽകണം. ഇ–മെയിൽ: emck@keralaenergy.gov.in. ഫോൺ: 0471–2594923.